## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1569 — 06.03.2017-ൽ മറുപടിയ്ക്ക്.

## വയോജന ക്ഷേമം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വയോജന ക്ഷേമത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ എത്ര ശതമാനം തുക നീക്കി വയ്ക്കുന്നതിന് നിർദ്ദേശമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ 5 ശതമാനം തുക വയോജന സൗഹൃദ പദ്ധതികൾക്കായി നീക്കി വയ്ക്കണമെന്ന് 30.06,2016 ലെ സർക്കാർ ഉത്തരവ് (സാധാ) 2037/2016/തസ്വഭവ നമ്പർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു എന്ന് വിശദീകരിക്കുമോ; | (ബി) | വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ അവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | വയോജനങ്ങളുടെ അറിവും പരിജ്ഞാനവും പ്രയോജനപ്പെടുത്തി നാടിന്റെ വികസനത്തിൽ പങ്കാളികളാക്കുന്നതിന് പര്യാപ്തമായ ഏതെല്ലാം പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (സി) | തദ്ദേശതലത്തിൽ ആസൂത്രണ സമിതികളിൽ വയോജനങ്ങളെ ഉൾപ്പെടുത്തി അവരുടെ അറിവും പരിജ്ഞാനവും നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വയോജനങ്ങൾക്ക് വേണ്ടി പദ്ധതി തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ